**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3750** **12-03-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2020-21 വർഷത്തെ ബജറ്റ് അനുബന്ധം-II ൽ സീരിയൽ നമ്പർ-2917 ആയി ഉൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവർത്തിക്കായി 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി 09.08.2023 ൽ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ദർഘാസിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ എന്നതിനാൽ ടി പ്രവൃത്തിയ്ക്ക് 08.09.2023 ൽ പുനർദർഘാസ് ക്ഷണിക്കുകയും ആയതിൻ പ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എം. ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരനുമായി 06.02.2024 ൽ കരാറിൽ ഏർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 45% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നിലച്ചിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിൽ പുരോഗതിയില്ലാത്തതിനാൽ 01.11.2024, 06.12.2024, 20.02.2025- എന്നീ തീയതികളിൽ കരാറുകാരന് നോട്ടീസ് നൽകുകയും പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഡിയം എന്നത്തേയ്ക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | നിർമ്മാണ പ്രവർത്തികൾ പുനരാരംഭിച്ച് 2025 ഒക്ടോബർ മാസത്തോടു കൂടി സ്റ്റേഡിയം തുറന്നു നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ